**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1590** **31-08-2022 - ൽ മറുപടിയ്ക്ക്**

**അരുവിക്കര മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | 2016 മുതൽ നാളിതുവരെ അരുവിക്കര മണ്ഡലത്തിൽ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിച്ചിട്ടുള്ളത് ഏതെല്ലാം ഗ്രാമപഞ്ചായത്തുകൾക്കാണ്; പ്രസ്തുത പദ്ധതിപ്രകാരം എത്ര തുകയാണ് നാളിതുവരെ ചെലവഴിച്ചിട്ടുള്ളത്; പ്രസ്തുത പദ്ധതി മുഖേന കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ; | (എ) | അരുവിക്കര മണ്ഡലത്തിൽ 2017-18 വർഷം ആര്യനാട് പഞ്ചായത്തിലും 2018-19, 2019-20 & 2020-21 എന്നീ 3 വർഷങ്ങളിലായി ഉഴമലയ്ക്കൽ പഞ്ചായത്തിലും കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ആര്യനാട് പഞ്ചായത്ത് 56,30,100/- രൂപയും ഉഴമലയ്ക്കൽ പഞ്ചായത്ത് 62,65,775/- രൂപയും ചേർത്ത് ആകെ 118,95,875/- രൂപ അരുവിക്കര മണ്ഡലത്തിലെ കേരഗ്രാമം പദ്ധതിക്കായി ചിലവഴിച്ചിട്ടുണ്ട്. ഈ പദ്ധതി മുഖേന ഉല്പാദനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. തെങ്ങിനെ ബാധിക്കുന്ന കീടരോഗങ്ങളെ ഒരു പരിധിവരെ നിയന്ത്രിക്കുവാൻ കഴിഞ്ഞു. |
| (ബി) | നടപ്പ വർഷം പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ വേണ്ടി തെരഞ്ഞെടുത്തിട്ടുള്ള ഗ്രാമപഞ്ചായത്തുകൾ ഏതെല്ലാമാണ്; വിവരം ലഭ്യമാക്കാമോ? | (ബി) | 2022-23 വർഷത്തിൽ നടപ്പിലാക്കുന്ന കേരഗ്രാമം പദ്ധതിയിൽ 100 ഹെ. തുടർച്ചയായ തെങ്ങുകൃഷി പ്രദേശമാണ് പദ്ധതി നടപ്പിലാക്കുവാൻ തെരഞ്ഞെടുത്തത്. ആയതിന്റെ പട്ടിക തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരികയാണ്. |

സെക്ഷൻ ഓഫീസർ